**QP CODE: 21100230**

21100230

**Reg No** : .....................

**Name** : .....................

## BA DEGREE (CBCS ) EXAMINATION, FEBRUARY 2021

### Fifth Semester

### Core Course - ML5CRT08 - BHASHASASTHRAM

B.A Malayalam Language and Literature Model I,B.A Malayalam Language and Literature Model II Copy Editing,B.A Malayalam Language and Literature Model II Copy Writing

2017 Admission Onwards

66356E17

Time: 3 Hours Max. Marks : 80

**പാർട്ട് എ**

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. ജീവൽഭാഷ, മൃതഭാഷ എന്ന വർഗ്ഗീകരണത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?
2. ആശയവിനിമയത്തിൽ സന്ദേശമാധ്യമത്തിനുള്ള സ്ഥാനമെന്ത്?
3. പ്രാകൃതകക്ഷ്യ(Isolative language group)യിൽ ഉൾപ്പെടുന്ന ഭാഷകളുടെ സവിശേഷതയെന്ത്? ഉദാഹരിക്കുക.
4. ഉപസ്വനം എന്നാലെന്ത്?
5. സ്വനിമം (Phoneme) എന്നാലെന്ത്?
6. മലയാളത്തിലെ വിജാതീയവ്യഞ്ജനസംയുക്തങ്ങൾ ഏതെല്ലാമാണ്?
7. ദ്രാവിഡഭാഷകളുടെ വാക്യഘടന എപ്രകാരമുള്ളതാണ്?
8. ഭാഷാന്തരപ്പിഴവ് എങ്ങനെയാണ് അർഥഭേദമുണ്ടാക്കുന്നത്?
9. തൊഴിൽമേഖലയും ഭാഷാഭേദവും തമ്മിലുള്ള ബന്ധമെന്ത്?
10. സ്വനപരിണാമം (Phonetic Change ) എന്നാലെന്ത്?
11. സമാനാക്ഷരലോപം എന്നാലെന്ത്?
12. കുറിപ്പെഴുതുക: വ്യവഹാരാപഗ്രഥനം

(10×2=20)

**പാർട്ട് ബി**

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. മനുഷ്യഭാഷയും മനുഷ്യേതരജീവികളുടെ ആശയവിനിമയവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

14. ഭാഷാശാസ്ത്രവും വ്യാകരണവും തമ്മിലുള്ള വ്യത്യാസങ്ങളെന്തെല്ലാം?

15. ലീനധ്വനികൾ എന്തെന്ന് വിശദമാക്കുക.

16. സ്വതന്ത്രപരിവർത്തനം(Free variation) എന്നാലെന്ത്? വിവരിക്കുക.

17. വിബന്ധരൂപിമം (Discontinious Morpheme)എന്തെന്ന് ഉദാഹരണത്തോടെ വ്യക്തമാക്കുക.

18. രൂപാധിഷ്ഠിത ഉപരൂപവും സ്വനിമാധിഷ്ഠിത ഉപരൂപവും തമ്മിലുള്ള വ്യത്യാസമെന്തെന്ന് ഉദാഹരണസഹിതം വ്യക്തമാക്കുക.

19. അർത്ഥനിർവ്വചനവുമായി ബന്ധപ്പെട്ട പ്രമുഖവാദങ്ങൾ ഏവ?

20. ദേശസംബന്ധിയായി കേരളത്തിലുള്ള ഭാഷാഭേദത്തെപ്പറ്റി പ്രതിപാദിക്കുക.

21. ഹരിതഭാഷാശാസ്ത്രം എന്ന പഠനമേഖലയെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

(6×5=30)

**പാർട്ട് സി**

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും ***15*** മാർക്ക് വീതം.

22. ഭാഷകളെ ഗോത്രങ്ങളായി വിഭജിക്കുന്നതിന്റെ അടിസ്ഥാനമെന്ത്? വിശദമാക്കുക.

23. മലയാളത്തിലെ സ്വരങ്ങളെ വർഗ്ഗീകരിക്കുക.

24. വാക്യവിജ്ഞാനത്തിന് ചോംസ്കി നൽകിയ സംഭാവനകളെക്കുറിച്ച് ഉപന്യസിക്കുക.

25. അർത്ഥപരിവർത്തനനിയമങ്ങൾ ഉദാഹരണം സഹിതം തരംതിരിച്ചെഴുതുക.

(2×15=30)